"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 15-09-2023

**സർക്കുലർ നം 30**

വിയ്യൂർ ജില്ലാ ജയിലിൻറെ മതിലിനു മുകളിലൂടെ ജയിൽ നിരോധിത വസ്തുക്കൾ പുറമെ നിന്നും എറിഞ്ഞു കടത്താൻ ശ്രമിച്ച വിഷയത്തിൻമേൽ പോലീസ് കേസെടുത്ത് അന്വേഷണം നടന്നു വരികയാണ്. ജയിലിലെ അന്തേവാസികളെ സന്ദർശിക്കുന്നതിനായി ജയിലിൽ വരുന്ന മുൻ തടവുകാരായ സന്ദർശകരാണ് ജയിൽ നിരോധിത വസ്തുക്കൾ എറിഞ്ഞു കൊടുക്കുന്ന സ്ഥലം, സമയം എന്നീ വിവരങ്ങൾ സന്ദർശന സമയത്ത് ജയിൽ അന്തേവാസികൾക്ക് കൈമാറിയ ശേഷം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. ടി സാഹചര്യത്തിൽ ജയിൽ അന്തേവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി നടത്തി വരുന്ന ഇന്റർവ്യൂ ദുരുപയോഗം ചെയ്യുന്ന മുൻ തടവുകാരായ സന്ദർശകരുടെ ജയിൽ സന്ദർശനത്തിൽ നിയന്ത്രണങ്ങൾ കൊണ്ട് വരുന്നത് ഉചിതമായിരിക്കും എന്ന് ടി സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പൊതു താൽപ്പര്യത്തിന് എതിരാണെന്ന് മനസ്സിലാക്കുകയോ മതിയായ കാരണങ്ങൾ ഉണ്ടെങ്കിലോ ജയിൽ ചട്ടങ്ങളിലെ ചട്ടം 822 പ്രകാരം ജയിൽ സൂപ്രണ്ടിന് ഇന്റർവ്യൂ നിരസിക്കാൻ അധികാരമുണ്ട് . ആയതിനാൽ മുൻ തടവുകാരായ സന്ദർശകർ ഇന്റർവ്യൂവിനായി വരുമ്പോൾ അവർ മേൽ സൂചിപ്പിച്ച പ്രകാരമുള്ള വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രശ്നക്കാർ ആണെന്ന് ഉറപ്പായും തോന്നുന്ന പക്ഷം അത്തരക്കാരായ സന്ദർശകരെ ജയിലിലെ അന്തേവാസികളുമായി ഇന്റർവ്യൂ നടത്തുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് ജയിൽ സ്ഥാപന മേധാവികൾക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. കൂടാതെ കൂടിക്കാഴ്ച സംബന്ധമായി 2014 ലെ ജയിൽ ചട്ടം 818 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1.എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.
2.ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല

പകർപ്പ് : ഓഫീസ് പകർപ്പ്/കരുതൽ ശേഖരം.